**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2013** **04-02-2026 - ൽ മറുപടിയ്ക്ക്**

**പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീര സഹകരണ സംഘങ്ങളിലെ പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ അഴിമതി ആരോപണം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **കോട്ടയം ജില്ല:**<br><br>ക്ഷീരസഹകരണ സംഘങ്ങളിലെ പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് മുൻ കാലങ്ങളിൽ മൂന്ന് കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>1. **പൂഞ്ഞാർ ക്ഷീരസംഘം**<br><br>2015 വർഷത്തിൽ എഴുത്തു പരീക്ഷ നടത്താതെ നിയമനം നടത്തിയതുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് ആരോപണം. വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 03/05/2018-ലെ ജി2/3711/2018 നം. ഉത്തരവ് പ്രകാരം ടി നിയമനം റദ്ദ് ചെയ്തിട്ടുള്ളതാണ്.<br><br>2. **കൊന്നക്കുളം ക്ഷീരസംഘം**<br><br>2014 വർഷത്തിൽ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള വ്യാജ രേഖ ഹാജരാക്കി ഡെപ്യൂട്ടി ഡയറക്ടറെ തെറ്റിദ്ധരിപ്പിച്ചാണ് പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് നിയമനം നേടിയതെന്നാണ് ആരോപണം. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഡെപ്യൂട്ടി ഡയറക്ടറുടെ 31/12/2019-ലെ ജി2/5176/2019 നം. ഉത്തരവ് പ്രകാരം ടി നിയമനം റദ്ദ് ചെയ്തിട്ടുള്ളതാണ്. തുടർന്ന് ടിയാൾ സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും ബഹു. ഹൈക്കോടതി വിധിയുടെ കൂടി അടിസ്ഥാനത്തിൽ മാനുഷിക പരിഗണന വെച്ച് 11/05/2023-ലെ G.O. (Rt) No.50/2023/DD ഉത്തരവ് പ്രകാരം ടിയാളെ re-instate ചെയ്യുകയും ടി ഉത്തരവിനെതിരെ സംഘം ബഹു. ഹൈക്കോടതിയിൽ WP(C) No. 22711/2023 ഫയൽ ചെയ്തിട്ടുള്ളതും വിഷയം നിലവിൽ കോടതിയുടെ പരിഗണനയിലുമാണ്. |

| | | | |
|---|---|---|---|
| | | | **<u>പത്തനംതിട്ട ജില്ല:</u>**<br><br>ക്ഷീരവികസന വകുപ്പ് പത്തനംതിട്ട ജില്ലയിൽ റാന്നി ബ്ലോക്കിന്റെ പരിധിയിൽപ്പെട്ട ചിറ്റാർ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം. നമ്പർ പി റ്റി 54 (ഡി) ആപ്കോസിലെ പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് നിയമനം സംബന്ധിച്ച നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് 30/04/2024 തീയതിയിൽ ഒരു പരാതി ലഭിക്കുകയുണ്ടായി. ആയതിന്മേൽ റാന്നി ക്ഷീരവികസന ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് അന്വേഷണത്തിന്റെ ഭാഗമായി സംഘം ഭരണസമിതി അംഗങ്ങളെയും പരാതിക്കാരിയെയും ഡെപ്യൂട്ടി ഡയറക്ടർ നേരിട്ട് കേൾക്കുകയുണ്ടായി. എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ മാർക്ക് കൂടുതൽ ലഭിച്ച ആൾക്ക് ആണ് നിയമനം നടത്തിയിരുന്നത്. കൂടാതെ ആവശ്യമായ കമ്മിറ്റി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതിനാലും നിയമന വിഷയത്തിൽ ഡയറക്ടർ കാലാകാലങ്ങളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും ആണ് നിയമനം നടത്തിയിട്ടുള്ളത് എന്നതിനാൽ ചിറ്റാർ സംഘത്തിൽ നടത്തിയ നിയമന നടപടികൾ സംബന്ധിച്ച പരാതിയിന്മേൽ തീർപ്പ് കൽപ്പിച്ച് പരാതിക്കാരിക്ക് മറുപടി നൽകിയിട്ടുള്ളതുമാണ് എന്നുള്ള വിവരം അറിയിക്കുന്നു. |
| (ബി) | തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘത്തിൽ ഉയർന്നുവന്ന സമാനമായ ആരോപണത്തിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കൊല്ലയിൽ ക്ഷീരോൽപാദക സഹകരണ സംഘത്തിൽ പ്രോക്യൂർമെന്റ് അസിസ്റ്റന്റ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് പരാതി ഉയർന്ന സാഹചര്യത്തിൽ ടി നിയമനവുമായി ബന്ധപ്പെട്ട് തുടർനടപടികൾ നിർത്തിവയ്ക്കുന്നതിന് സംഘത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) | തിരുവനന്തപുരം ജില്ലക്ക് സമാനമായി മറ്റ് ജില്ലകളിലും ഇപ്രകാരമുള്ള ആരോപണങ്ങൾ ഉയർന്നുവന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ